# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 29**

---

## ടെക്നിക്കൽ അസിസ്റ്റന്റ്; അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർകവലശാലയിലെ സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സിൽ ടെക്നിക്കൽ അസിസ്റന്റ് തസ്തികയിൽ ഒരു വർഷത്തേക്ക് താത്കാലിക കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഈഴവ / തിയ്യ / ബില്ലവ വിഭാഗത്തിൽ ഒരൊഴിവാണുള്ളത്.*

*കമ്പ്യൂട്ടർ സയൻസ്, കമ്പ്യൂട്ടർ അപ്ലിക്കേഷൻസ്, കമ്പ്യൂട്ടർ എൻജിനീയറിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഐ ടി എന്നിവയിലേതിലെങ്കിലും 55 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും, ജിപിയു കമ്പ്യൂട്ടിംഗ്, നെറ്റ് വർക്കിംഗ്, പൈത്തൺ പ്രോഗ്രാമിംഗ് എന്നിയിൽ ഏതിലെങ്കിലും പ്രവൃത്തിപരിചവുമുള്ളവരെയാണ് പരിഗണിക്കുന്നത്.*

*പ്രായം 2024 ജനുവരി ഒന്നിന് 36 കവിയരുത്. പട്ടികജാതി, പട്ടികവർഗ വിഭാങ്ങളിൽപെട്ടവർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും പ്രായപരിധിയിൽ നിയമനുസൃത ഇളവ് ലഭിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.*
*(പി.ആർ.ഒ/39/785/2024)*

## കൗൺസലിംഗ് ആന്റ് സൈക്കോതെറാപ്പി ഡിപ്ലോമ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിന്റെ കൗൺസലിംഗ് ആന്റ് സൈക്കോ തെറാപ്പി ഡിപ്ലോമ കോഴ്സിന് ഇപ്പോൾ അപേക്ഷിക്കാം. പ്ലസ് ടൂവോ തത്തുല്യ യോഗ്യതയോ ഉള്ളവരെയാണ് പരിഗണിക്കുന്നത്. ഓഫ്ലൈൻ, ഓൺലൈൻ ക്ലാസുകൾ ഉണ്ടാകും. വിശദ വിവരങ്ങൾ 8547165178, 8891391580 എന്നീ നമ്പരുകളിൽ ലഭിക്കും. ഇമെയിൽ* iucdsmgu@mgu.ac.in.

*(പി.ആർ.ഒ/39/786/2024)*

## പ്രാക്ടിക്കൽ

*ഒന്നാം വർഷം മുതൽ നാലാം വർഷം വരെ ബിപിടി(2015, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2014 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2008 മുതൽ 2013 വരെ അഡ്മിഷനുകൾ രണ്ടാം മേഴ്സി ചാൻസ് മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ രണ്ടു മുതൽ കോളേജുകളിൽ നടത്തും. ടൈം ടേബിൾ*

*വെബ്സൈറ്റിൽ.*

……………………………

*നാലാം സെമസ്റ്റർ ഐഎംസിഎ (2021 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) നാലാം സെമസ്റ്റർ ഡിഡിഎംസിഎ (2016 അഡ്മിഷൻ സപ്ലിമെന്ററി, 2014,2015 അഡ്മിഷനുകൾ മേഴ്സി ചാൻസ് ജൂലൈ 2024)പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ ആറു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*

……………………………

*രണ്ടാം വർഷ എംഎസ്സി മെഡിക്കൽ മൈക്രോബയോളജി (2023 അഡ്മിഷൻ റെഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മേഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മേഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മേഴ്സി ചാൻസ് ജൂലൈ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്തംബർ ആറു മുതൽ കോളജുകളിൽ നടത്തും. ടൈം ടേബിൾ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/787/2024)*

## സ്പോട്ട് അഡ്മിഷൻ

*സ്കൂൾ ഓഫ് പോളിമർ സയൻസ് ആന്റ് ടെക്നോളജിയിൽ എംഎസ്സി ഇൻഡസ്ട്രിയൽ പോളിമെർ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിൽ ഒഴിവുള്ള മൂന്ന് ജനറൽ മെറിറ്റ് സീറ്റുകളിൽ ഓഗസ്റ്റ് 30ന് സ്പോട്ട് അഡ്മിഷൻ നടത്തും. അർഹരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി അന്ന് ഉച്ചയ്ക്ക് 12.30ന് മുൻപ് വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302 കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്) നേരിട്ട് എത്തണം. യോഗ്യത സംബന്ധിച്ച കൂടുതൽ വിവരങ്ങൾ* https://cat.mgu.ac.in/schoolpolymer.php *എന്ന ലിങ്കിൽ. ഫോൺ- 9744278352, 9562578730, 9400201036)*
*(പി.ആർ.ഒ/39/788/2024)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് സെപ്തംബർ 11 വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/789/2024)*

പബ്ലിക് റിലേഷൻസ് ഓഫീസർ